പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 268 **29-10-2026-ൽ മറുപടിയ്ക്ക്**

വി.എച്ച്.എസ്.ഇ. കോഴ്സുകൾ പരിഷ്കരിക്കുന്നതിനുള്ള നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. ഫൈസൽ ബാബു

ശ്രീ. പി. കെ. നവാസ്

ശ്രീ. പി .എം. എ. സമീർ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലവിൽ അദ്ധ്യയനം നടത്തുന്ന ഭൂരിഭാഗം കോഴ്സുകളും കാലഹരണപ്പെട്ടതും വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനോ തൊഴിൽ ലഭ്യതയ്ക്കോ പ്രയോജനപ്പെടാത്തതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: നിലവിലുള്ള കോഴ്സുകൾ പൂർണ്ണമായും കാലഹരണപ്പെട്ടതാണെന്ന ആക്ഷേപം ശരിയല്ല. തൊഴിൽ വിപണിയിലെ മാറുന്ന പ്രവണതകൾക്കനുസരിച്ച് കോഴ്സുകൾ നിരന്തരം കാലികമായി പരിഷ്കരിക്കുന്നുണ്ട്. നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻസ് ഫ്രെയിംവർക്ക് (NSQF) മാനദണ്ഡങ്ങൾ അനുസരിച്ച് നാഷണൽ ക്വാളിഫിക്കേഷൻ രജിസ്റ്ററിൽ (NQR) ലഭ്യമാക്കിയിട്ടുള്ള ലെവൽ 3 മുതൽ ലെവൽ 4 വരെയുള്ള കോഴ്സുകളാണ് ഇപ്പോൾ വി.എച്ച്.എസ്.ഇ. സ്കൂളുകളിൽ നടത്തിവരുന്നത്. പ്രസ്തുത കോഴ്സുകൾ നിശ്ചിത കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് നിർത്തലാക്കുകയോ, പരിഷ്കരിക്കുകയോ, പുതിയ കോഴ്സുകൾ തിരഞ്ഞെടുക്കുകയോ ചെയ്തുവരുന്നു. ഇതിനായി പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഒരു പ്രത്യേക കോഴ്സ് സെലക്ഷൻ കമ്മിറ്റി പ്രവർത്തിച്ചുവരുന്നുണ്ട്. NQR-ൽ ലഭ്യമാക്കിയിട്ടുള്ള ചില സെക്ടറിലെ കോഴ്സുകൾ ഭൂമിശാസ്ത്രപരമായും സാമൂഹികപരമായും കേരളത്തിന് അനുയോജ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ, കേരളത്തിനനുയോജ്യമായ കോഴ്സുകൾ വികസിപ്പിക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മെഡിക്കൽ വെൽനസ്സ് സെക്ടറിൽ ഒരു പുതിയ കോഴ്സ് നിർമ്മിച്ച് NCVET-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) വി.എച്ച്.എസ്.ഇ. കോഴ്സുകൾ കാലാനുസൃതമായി പരിഷ്കരിക്കാത്തതുമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

മറുപടി: വി.എച്ച്.എസ്.ഇ. കോഴ്സുകൾ കാലാനുസൃതമായി നിലനിർത്തുന്നതിനായി പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള കോഴ്സ് സെലക്ഷൻ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ എല്ലാ അക്കാദമിക വർഷാദ്യത്തിലും കോഴ്സുകൾ കൃത്യമായി പുനഃപരിശോധിച്ചു വരുന്നുണ്ട്. കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക ചുറ്റുപാടുകൾക്ക് ഇണങ്ങാത്ത കോഴ്സുകൾ

ഒഴിവാക്കി തൊഴിലധിഷ്ഠിതമായി പുതിയ സിലബസുകൾ രൂപീകരിക്കാനും, വിദ്യാർത്ഥികൾക്ക് പഠനത്തിനു ശേഷവും ഉപരിപഠനത്തിനും തൊഴിൽ ലഭ്യതയ്ക്കും തടസ്സങ്ങൾ ഉണ്ടാകാത്തവിധം സജ്ജീകരണങ്ങൾ ഒരുക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ വൊക്കേഷണൽ ഹയർ സെക്കന്ററി മേഖല കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് വിദഗ്ധ സമിതിയെ നിയോഗിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

(സി) വരുന്ന അദ്ധ്യയന വർഷം മുതൽ നിർമ്മിത ബുദ്ധി (AI), ഡേറ്റാ സയൻസ്, റോബോട്ടിക്സ്, ഡിജിറ്റൽ മാർക്കറ്റിംഗ്, റിന്യൂവൽ എനർജി തുടങ്ങിയ പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

<u>മറുപടി:</u> സ്വീകരിക്കും. ആധുനിക സാങ്കേതിക വിദ്യയുടെ വളർച്ചയ്ക്ക് അനുസൃതമായി നിർമ്മിത ബുദ്ധി (AI), ഡേറ്റാ സയൻസ്, റോബോട്ടിക്സ്, ഡിജിറ്റൽ മാർക്കറ്റിംഗ്, റിന്യൂവൽ എനർജി തുടങ്ങിയ ആധുനിക തൊഴിലധിഷ്ഠിത കോഴ്സുകളും സിലബസുകളും ഉൾപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികളും ആലോചനകളും പുരോഗമിക്കുന്നുണ്ട്.

(ഡി) പ്രസ്തുത കോഴ്സുകളുടെ സിലബസ് പരിഷ്കരിക്കുന്നതിനും അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ സ്കൂളുകളിൽ ഒരുക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

<u>മറുപടി:</u> എൻ.എസ്.ക്യൂ.എഫ് സിലബസ് പരിഷ്കരണ മാനദണ്ഡങ്ങൾ അനുസരിച്ച് സംസ്ഥാനം സ്വയം തയ്യാറാക്കുന്ന കോഴ്സുകളിൽ മാത്രമേ ആവശ്യാനുസരണം സിലബസ് മാറ്റങ്ങൾ വരുത്താൻ അനുമതിയുള്ളൂ. അതിനാൽ കേരളത്തിന് അനുയോജ്യമായ രീതിയിൽ വകുപ്പ് സ്വയം തയ്യാറാക്കി സമർപ്പിക്കുന്ന പുതിയ കോഴ്സുകൾക്കും (ഉദാഹരണത്തിന് മെഡിക്കൽ വെൽനസ്സ് കോഴ്സ്) ഭാവിയിൽ കൊണ്ടുവരുന്ന മറ്റ് പുതുതലമുറ കോഴ്സുകൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറികളും ഡയറക്ടറേറ്റിലെ പ്രത്യേക NSQF സെല്ലിന്റെ മേൽനോട്ടത്തിൽ ഘട്ടം ഘട്ടമായി സജ്ജമാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ